⇨ *അവരെ വേട്ടയിലേക്ക് നയിച്ച വികാരങ്ങൾ വയനാട്ടിൽ ഇനിയും കെട്ടടങ്ങിയിട്ടില്ല* ⇨

# വയനാട്ടിൽ നിന്നും കടുവയ്ക്ക് വേണ്ടി

വയനാട്ടിലെ ബഹുഭൂരിപക്ഷം പേരുടെയും മനഃസാക്ഷി എങ്ങനെ കടുവയെ വെടിവച്ചു കൊല്ലുന്നതിന് അനുകൂലമായി? ജനവാസ കേന്ദ്രങ്ങളിലേക്ക് കടുവ ആഹാരത്തിനായെത്തുന്നെങ്കിൽ കാടിനെന്തോ കുഴപ്പമുണ്ടെന്ന് ചിന്തിക്കാൻ അവർക്ക് കഴിയാതെ പോയത് എന്തുകൊണ്ട്?


**പി.എ. അരുൺ**

**വയനാട്** ഒന്നടങ്കം വിറങ്ങലിക്കുന്ന തരത്തിലുള്ള കടുവാപ്പേടി, കാടിനോട് ചേർന്ന് കഴിയുന്ന ഒരു ജനതയെ എങ്ങനെ പിടികൂടി എന്ന് വയനാട്ടിൽ നിന്നുകൊണ്ട് തന്നെ ചിന്തിക്കുമ്പോഴാണ് കടുവാവേട്ടയ്ക്ക് പിന്നിലെ പല താത്പര്യങ്ങളും വെളിപ്പെട്ടുവരുന്നത്. തീർത്തും അവശനായ ഒരു കടുവ വെടികോപ്പിനാൽ നിഷ്കരുണം കൊല്ലപ്പെട്ടപ്പോൾ വയനാട്ടിലെ ബഹുഭൂരിപക്ഷം മനസ്സുകളും അതിൽ ആനന്ദിച്ചു. പലരും ആഹ്ലാദം തെരുവുകളിൽ പരസ്യപ്പെടുത്തി. രണ്ടു തവണ മയക്കുവെടിയേറ്റിട്ടും മയങ്ങാത്ത കടുവ ആക്രമിക്കാൻ ചാടിയതോടെ വെടിവയ്ക്കുകയായിരുന്നു എന്നാണ് ഔദ്യോഗിക വിശദീകരണം. പ്രായാധിക്യം കാരണം ഇരതേടാൻ പോലും കഴിയാതെയായ കടുവയെ ജനഹിതം സംരക്ഷിക്കാനായി വെടിവച്ചുകൊന്നതോടെയാണ് ആ അസംബന്ധ നാടകത്തിന് കർട്ടൺ വീണത്. അപരശബ്ദങ്ങൾ അതിന് ശേഷമാണ് കേട്ടുതുടങ്ങിയത്. അതുവരെ കടുവയെ കൊല്ലരുതെന്ന് പറയുന്നവർ കയ്യേറ്റം ചെയ്യപ്പെടുന്ന അവസ്ഥയായിരുന്നു വയനാട്ടിൽ നിലനിന്നിരുന്നത്. പലർക്കും അടികൊള്ളുകയും ചെയ്തു. മറ്റൊരഭിപ്രായം പറയാൻ കഴിയാത്തതരത്തിൽ സംഘടിതമായിരുന്നു കടുവയുടെ രക്തത്തിന് വേണ്ടി ദാഹിച്ചവരുടെ വികാരങ്ങൾ. പ്രാദേശിക രാഷ്ട്രീയവും സ്ഥാപനവത്കരിക്കപ്പെട്ട മതങ്ങളും കുത്തിനിറച്ച വികാരാവേശത്താൽ അന്ധരായിത്തീർന്നവരാണ് കടുവയെത്തേടിയിറങ്ങിയത്. അവരെ വേട്ടയിലേക്ക് നയിച്ച വികാരങ്ങൾ വയനാട്ടിൽ ഇനിയും കെട്ടടങ്ങിയിട്ടില്ലെങ്കിലും ചില മറുവശങ്ങൾ പറയാൻ തന്നെയുള്ള പുറപ്പാടിലാണ് ഞങ്ങൾ കാടിനെയും വന്യജീവികളെയും സ്നേഹിക്കുന്നവർ.

കടുവയെ കൊന്നതോടെ ഒരു ശല്യം അവസാനിച്ചു എന്ന മട്ടാണ് കടുവാവേട്ടക്കാർക്ക്. നുണകളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഒരു ലോകത്തിരുന്നാണ് അവർ ആശ്വാസം കൊള്ളുന്നതെന്ന് അവർ ഇപ്പോൾ തിരിച്ചറിയുന്നില്ലെന്ന് മാത്രം. കാടിന്റെ ശോഷണവും കാലാവസ്ഥ വ്യതിയാനവും വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷങ്ങൾ വരും കാലങ്ങളിൽ കൂടുതൽ രൂക്ഷമാകുന്ന തരത്തിലേ

➯ നീണ്ടകാലത്തെ വയനാടിന്റെ ചരിത്രവും പല കാരണങ്ങളും നിർമ്മിക്കുന്നുണ്ട് ➯

കാർട്ടൂൺ: **അഭിലാഷ്**




ക്കാണ് പോകുന്നതെന്ന് വൈകാതെ അനുഭവങ്ങളിലൂടെ മനസ്സിലാക്കാൻ അവർക്ക് അവസരമുണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പല തരത്തിലുള്ള നുണപ്രചാരണങ്ങളാൽ കലുഷിതമാക്കപ്പെട്ട ഒരു രാഷ്ട്രീയ പരിസരത്തിൽ നിന്നാണ് കടുവയെക്കുറിച്ചുള്ള ഭയം വയനാട്ടിൽ വ്യാപിക്കുന്നത്. സ്ഥാപിത താത്പര്യക്കാർ അഴിച്ചുവിട്ട നുണക്കഥകൾ തീർത്തും പ്രതിലോമകരമായ രീതിയിൽ മാധ്യമങ്ങൾ ആവർത്തിക്കുകകൂടി ചെയ്തതോടെയാണ് വിഷയത്തിന് ചൂടുപിടിച്ചുതുടങ്ങിയത്. സാമുദായിക-കച്ചവട താത്പര്യങ്ങൾ ഇടകലർന്ന് കിടക്കുന്ന ഒരിടത്തിൽ നിന്നാണ് കടുവ കുഴപ്പക്കാരനാണെന്ന വാദം ഉയർന്നുവരുന്നത്. നീണ്ടകാലത്തെ വയനാടിന്റെ ചരിത്രവും പല കാരണങ്ങളും നിർമ്മിക്കുന്നുണ്ട്. മതനേതൃത്വങ്ങൾക്ക്, വിശേഷിച്ചും ക്രൈസ്തവസഭയ്ക്ക് വനംവകുപ്പിനോടുള്ള വിദ്വേഷമാണ് ആ ചരിത്രത്തിലെ ഒരു പ്രധാനസംഗതി. തിരുവിതാംകൂറിൽ നിന്നും വയനാട്ടിലേക്ക് വ്യാപകമായി കുടിയേറ്റമുണ്ടായ കാലത്തോളം പഴക്കമുണ്ട് അതിന്. അതിർത്തികൾ കൃത്യമായി നിർണ്ണയിച്ചിട്ടില്ലാത്ത, വനഭൂമിയിലേക്കാണ് കുടിയേറ്റം ഏറെയുമുണ്ടായത്. വയനാട് ഉൾപ്പെടുന്ന മലബാർ ജില്ല മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന ബ്രിട്ടീഷ് ഭരണകാലത്താണ് കുടിയേറ്റങ്ങൾ വലിയ തോതിൽ നടന്നത്. സ്വതന്ത്ര്യാനന്തരം പലർക്കും കൈവശാവകാശ രേഖ കിട്ടിയെങ്കിലും അന്നത്തെ വയനാടിന്റെ ഭാഗമായിരുന്ന, പിന്നീട് തമിഴ്നാട്ടിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട ഗൂഡല്ലൂർ പ്രദേശത്തുള്ള പലർക്കും കൈവശാവകാശം നൽകാൻ തമിഴ്നാട് സർക്കാർ തയ്യാറായില്ല. ഭൂമിയെ സംബന്ധിച്ച് വനം വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ കാരണമാണ് കൈവശാവകാശം കിട്ടാതെ പോയത്. ക്രിസ്ത്യൻ സ്ഥാപനങ്ങൾക്കാണ് ഇത്തരത്തിൽ ഒരുപാട് കയ്യേറ്റഭൂമി നഷ്ടമായത്. വയനാട് ജില്ലയിലും വനവകുപ്പുമായി സമാനമായ തർക്കങ്ങൾ നിലനിൽക്കുന്നുണ്ടായിരുന്നു. ക്രിസ്തുമത വിഭാഗത്തിൽപ്പെട്ട സമ്പന്നരായ കുടിയേറ്റക്കാരും ക്രിസ്ത്യൻ പള്ളിയുമായി ബന്ധപ്പെട്ട ചില സ്ഥാപനങ്ങളുമായിരുന്നു തർക്കത്തിൽ ഉൾപ്പെട്ടിരുന്നവയിൽ ഏറെയും. മക്കിയാട് പ്രദേശത്തെ വനഭൂമിയുമാ

⇨ *കടുവയുടെ പേരിൽ പല സ്ഥലത്തും വനംവകുപ്പിന്റെ ഓഫീസുകളും വാഹനങ്ങളും ആക്രമിക്കപ്പെട്ടു* ⇨

യി ബന്ധപ്പെട്ട് കാഞ്ഞിരത്തിനാൽ ജോർജ്ജും വനംവകുപ്പും തമ്മിലുള്ള കേസുൾപ്പെടെ പ്രശസ്തമായ പല കേസുകളും ഇക്കൂട്ടത്തിലുണ്ട്. ഉടമസ്ഥത കൃത്യമായി നിർവ്വചിക്കപ്പെടാത്ത ഭൂമികളുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ നിന്നും രൂപപ്പെട്ടുവന്നതാണ് വനം വകുപ്പും കുടിയേറ്റക്കാരും പള്ളിയും തമ്മിലുള്ള ശത്രുത. തർക്കും ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും കയ്യേറ്റക്കാർക്കെല്ലാം അവരുടെ ഭൂമി കൃത്രിമ രേഖകളുണ്ടാക്കി സംരക്ഷിക്കാൻ കഴിയുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. അവ്യക്തമായ ഉടമസ്ഥതകൾക്ക് അവർ വ്യക്തതയുണ്ടാക്കി. ഭൂമി നഷ്ടമായതോ, ആദിവാസികൾക്കും. വനം വകുപ്പുമായി നിലനിൽക്കുന്ന ഈ ഉരസലിനിടയിൽ വീണുകിട്ടയ ഒരു ആയുധമായാണ് പള്ളിയും പട്ടക്കാരും കടുവാ വിഷയത്തെ എടുത്തത്. വനം വകുപ്പിന്റെ സ്വത്തായ കടുവ നാട്ടുകാരെ ആക്രമിക്കാൻ വരുന്നു എന്നതരത്തിലാണ് അവർ കാര്യങ്ങളെ വക്രീകരിച്ചത്. വന്യമൃഗ പ്രതിരോധ കൂട്ടായ്മ എന്ന പേരിൽ കടുവയുടെ പിടികൂടണമെന്ന് ആവശ്യപ്പെട്ട് അവർ ഒരു സമിതിയുണ്ടാക്കി. കടുവയുടെ പേരിൽ പല സ്ഥലത്തും വനംവകുപ്പിന്റെ ഓഫീസുകളും വാഹനങ്ങളും ആക്രമിക്കപ്പെട്ടു.

അക്രമത്തിന് സാധ്യത കുറവാണെന്ന് കണ്ടതോടെ ഇവർ ജനങ്ങളെ ഒപ്പം നിർത്താൻ പല തരത്തിലുള്ള കാമ്പയിനുകൾ പിന്നീട് ആരംഭിച്ചു. വന്യമൃഗ പ്രതിരോധ കൂട്ടായ്മയുടെ നേതൃത്വത്തിൽ എല്ലാ മത-രാഷ്ട്രീയ പാർട്ടികളും ചേർന്ന് മാനന്തവാടി ടൗണിൽ കടുവയ്ക്കെതിരെ ഒരു യോഗം വിളിച്ചുചേർത്തുകൊണ്ടായിരുന്നു കാമ്പയിനുകൾക്ക് തുടക്കും കുറിച്ചത്. പ്രാദേശിക സി.പി.ഐ നേതാവ് ഇ.ജെ. ബാബുവായിരുന്നു യോഗം വിളിച്ചുകൂട്ടുന്നതിന് മുൻകൈയെടുത്തത്. ഭൂമിയുടെ മേൽ പല താത്പര്യങ്ങളുള്ളവരുടെ ഒരു ഒത്തുചേരലായിരുന്നു ആ യോഗം. പ്രസംഗിച്ചവരെല്ലാം കടുവയെ കൊല്ലണമെന്ന് ആക്രോശിച്ചു. അതല്ലാതെ മറ്റ് പരിഹാരങ്ങളൊന്നും അവിടെ ഉയർന്നുവന്നില്ല. യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ മാനന്തവാടി ബിഷപ്പിന്റെ വാചകങ്ങൾ അവരുടെ ലക്ഷ്യമെന്താണെന്ന് വെളിപ്പെടുത്തുന്നതായിരുന്നു. "പശ്ചിമഘട്ട സംരക്ഷണത്തിനായി പല തരത്തിലുള്ള പദ്ധതികൾ വരുന്നുണ്ട്. അതിന് പിന്നിലുള്ളതെല്ലാം സാമ്രാജ്യത്വ താത്പര്യങ്ങളാണ്. ഗാഡ്ഗിൽ റിപ്പോർട്ടും അതിന്റെ ഭാഗമായാണ് വരുന്നത്" എന്നുപറഞ്ഞുകൊണ്ടാണ് ബിഷപ്പ് പ്രഭാഷണം തുടങ്ങിയത്. കടുവയേക്കാൾ ബിഷപ്പിന് പ്രധാനം ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർക്കുക എന്നതായിരുന്നു. കടുവയ്ക്കെതിരായ ജനവികാരത്തെ ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ തിരിക്കുക എന്നതാണ് സഭയുടെ ഉദ്ദേശം. കാരണം ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമായാൽ വയനാട് ജില്ലയിലെ പ്രബല ഭൂമി കയ്യേറ്റക്കാരായ സഭയ്ക്കും സഭയോട് ചേർന്ന് നിൽക്കുന്നവർക്കുമാണ് വലിയ തിരിച്ചടികൾ നേരിടേണ്ടിവരുന്നത്. സമാനമായ മുതലെടുപ്പകൾക്കായാണ് മറ്റ് പല സംഘടനകളും ആ യോഗത്തിൽ പങ്കെടുത്തത്. കടുവയിറങ്ങിയത് അവർ ഒരവസരമാക്കി മാറ്റി. മുസ്ലീംലീഗ്, ബി.ജെ.പി, സമസ്ത കേരള ജംഇയ്യത്തുൾ ഉലമ, അമൃതാനന്ദമയി മഠത്തിലെ ഒരു സന്ന്യാസി, പ്രാദേശിക രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയ കക്ഷികളാണ് യോഗത്തിൽ കടുവയ്ക്കെതിരെ കലിതുള്ളിയത്. ഇ.ജെ. ബാബുവിനോടുള്ള ചില എതിർപ്പുകൾ കാരണം വിട്ടുന്ന നിന്ന സി.പി.എമ്മുകാർ സമാന്തരമായി മറ്റൊരു യോഗം കടുവയ്ക്കെതിരെ നടത്തി. കടുവാവിരുദ്ധ വികാരം ആളിക്കത്തിച്ച മാനന്തവാടിയിലെ യോഗം വിമതശബ്ദങ്ങൾക്കുള്ള ഒരു താക്കീത് കൂടിയായി മാറി. അതിന് ശേഷമാണ് ജില്ലയുടെ പല ഭാഗങ്ങളിലും കടുവയെ പിടികൂടണമെന്ന് ആവശ്യപ്പെട്ട് ജനങ്ങൾ തെരുവിലിറങ്ങിത്തുടങ്ങിയത്.

മനുഷ്യനാണ് ഏറ്റവും ശ്രേഷ്ഠമായ ജീവിയെന്നും മറ്റ് ജീവികളെല്ലാം മനുഷ്യന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നുമാണ് വന്യജീവി പ്രതിരോധ കൂട്ടായ്മ മുന്നോട്ട് വച്ച സന്ദേശം. എന്നാൽ കടുവ ഇറങ്ങിയതിനെ തുടർന്ന് വയനാട്ടിൽ കണ്ട കാഴ്ചകൾ മനുഷ്യനാണ് ഏറ്റവും ശ്രേഷ്ഠമായ ജീവിയെന്ന നിർവ്വചനത്തെ തിരുത്തിയെഴുതുന്നതായിരുന്നു. കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വളർത്തുമൃഗങ്ങളുടെ ശവശരീരം റോഡിൽ കിടത്തിയാണ് പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. അത്രയും ക്രൂരത ആ മൃഗത്തോട് ശ്രേഷ്ഠരല്ലെന്ന് മനുഷ്യർ പറയുന്ന കടുവ കാണിച്ചിട്ടില്ല. വിശന്നു വലഞ്ഞപ്പോൾ ഇര തേടിയെന്ന സ്വാഭാവിമായ ചെയ്തിയാണ് കുടവയുടെ ഭാഗത്ത് നിന്നുമുണ്ടായത്. മനുഷ്യനോ ശ്രേഷ്ഠ ജന്തുവെന്ന് സ്വയം പറയുകയും ചത്തുപോയ വളർത്തുമൃഗങ്ങളുടെ ശവശരീരവും പേറി ജാഥ നടത്തുകയും ചെയ്യുന്നു.

**144 പ്രഖ്യാപിക്കാം**

നാട്ടിലിറങ്ങുന്ന കടുവയെ തിരികെ കാട്ടിലേക്കു അയക്കുന്നതിനാണു പ്രഥമ പരിഗണന നൽകേണ്ടതെന്നും കടുവയെ നരഭോജിയായി ചിത്രീകരിക്കരുതെന്നും കാണിച്ച് ദേശീയ കടുവാ സംരക്ഷണ അഥോറിട്ടി മാർഗരേഖ പുറപ്പെടുവിച്ചു. കടുവ കാണപ്പെടുന്ന പ്രദേശത്ത് ക്രമസമാധാന പ്രശ്നം ഒഴിവാക്കാൻ അധികാരികൾക്ക് വേണമെങ്കിൽ ഐ.പി.സി. 144ാം ചട്ടപ്രകാരം നിരോധനാജ്ഞ പ്രഖ്യാപിക്കാം. ഗ്രാമീണർക്കു മുന്നറിയിപ്പു നൽകി ക്രമസമാധാന പ്രശ്നമുണ്ടാവാതെ പോലീസ് ജാഗ്രതപാലിക്കണം. മാർഗരേഖ പറയുന്നു.

നാളുകളായി ജില്ലയിൽ നിലനിൽക്കുന്ന മറ്റ് പല കാമ്പയിനുകളും കടുവയ്ക്കെതിരെ ജനങ്ങൾ തിരിയുന്നതിന് കാരണമായിട്ടുണ്ട്. അതിൽ പ്രധാനമാണ് കടുവാ സങ്കേതത്തിനെതിരെ സി.പി.എം നടത്തിയ സമരങ്ങൾ. ബന്ദിപൂർ കടുവാ സങ്കേതത്തിന്റെ ബഫർ സോൺ വികസിപ്പിക്കുന്നതോടെ വയനാട് ജില്ലയിലെ പല പ്രധാന സ്ഥലങ്ങളും കടുവാ സങ്കേതത്തിന്റെ ഭാഗമാകുമെന്നും അതോടെ ജനങ്ങൾക്ക് അവിടെ ജീവിക്കാൻ കഴിയില്ലെന്നുമായിരുന്നു സി.പി.എം ഉയർത്തുക്കൊണ്ടുവന്ന കാമ്പയിൻ. ശരിക്കും ഔദ്യോഗികമായി വിശദീകരണം വരാത്ത ഒരു കാര്യമാണ് ബഫർ സോൺ വികസിപ്പിക്കുക എന്നത്. കേവലം അഭ്യൂഹങ്ങളിൽ നിന്നാണ് ആ കാമ്പയിൻ സി.പി.എം ആരംഭിക്കുന്നത്. പൊതുവികാരമുണ്ടാക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു വിഷയം ഏറ്റുപിടിച്ച് സംഘടനയും വോട്ടുബാങ്കും വളർത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. കടുവാ സങ്കേതം വന്നാൽ വീടുകൾക്ക് പച്ച പെയിന്റ് അടിക്കേണ്ടിവരുമെന്നും രാത്രിയിൽ വീടുകളിൽ ലൈറ്റിടാൻ കഴിയില്ലെന്നുമെല്ലാം അവർ പറഞ്ഞുപരത്തി. ജനങ്ങളുടെ ഇടയിൽ ഈ കാമ്പയിൻ വലിയ പ്രതിഫലനമുണ്ടാക്കി. പശ്ചിമഘട്ട മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമാക്കിയാൽ വയനാട്ടിൽ ജീവിക്കാൻ കഴിയില്ലെന്നു പറഞ്ഞ് മറ്റൊരു കാമ്പയിനും ചില മത സംഘടനകളുടെയും കർഷക സംഘടനകളുടെയും നേതൃത്വത്തിൽ ഇതേ സമയത്ത് ആരംഭിക്കുകയുണ്ടായി. അതും ജനങ്ങളുടെ ആശങ്ക വർദ്ധിപ്പിച്ചു. മൈസൂർ ദേശീയപാതയിൽ നാളുകളായി നിലനിൽക്കുന്ന രാത്രിയാത്രാ നിരോധനമായിരുന്നു മറ്റൊരു വിഷയം. ബത്തേരി ഭാഗത്തുള്ള കച്ചവടക്കാർക്കായിരുന്നു അതിൽ വ്യാപകമായി പ്രതിഷേധമുണ്ടായിരുന്നത്. അങ്ങനെയൊരു പൊതുവികാരം വനത്തിനും വന്യജീവികൾക്കും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കുമെതിരെ രൂപപ്പെട്ട സമയത്തുതന്നെയാണ് കടുവ വളർത്തുമൃഗങ്ങളെ ആക്രമിച്ചത്. കടുവയുടെ കഷ്ടകാലം. വയനാട്ടിൽ നിലനിന്നിരുന്ന രാഷ്ട്രീയ കാലാവസ്ഥ കടുവയ്ക്ക് അറിയില്ലായിരുന്നല്ലോ. സാമുദായിക-രാഷ്ട്രീയ-കച്ചവട താത്പര്യക്കാർ വസ്തുതാ വിരുദ്ധമായ കാമ്പയിനുകളിലൂടെ സൃഷ്ടിച്ച കലുഷിതമായ അന്തരീക്ഷത്തിലേക്കാണ് കടുവ എത്തിപ്പെട്ടത്. അതോടെ കടുവയെ കൊല്ലണമെന്ന ഏക സ്വരത്തിലേക്ക് ജനക്കൂട്ടം വളരെ വേഗത്തിൽ എത്തിച്ചേർന്നു. ആ ജനവികാരത്തെ തൃപ്തിപ്പെടുത്താനായാണ്, ജീവനോടെ പിടികൂടാമായിരുന്നിട്ടും സർക്കാർ കടുവയെ കൊന്നുകളഞ്ഞത്. ജനക്കൂട്ടത്തിന്റെ ആർപ്പുവിളികൾക്ക് നടുവിൽ വനം വകുപ്പിന് പോലും ആ വന്യമൃഗത്തെ സംരക്ഷിക്കാൻ കഴിയാതെ പോയി. കടുവയെ കൊന്നതിലൂടെ പ്രശ്നങ്ങൾ പരിഹരിച്ചു എന്ന ധാരണ പരത്തുകയായിരുന്നു ഉദ്യോഗസ്ഥ സംവിധാനങ്ങൾ. എന്നാൽ ബഹളങ്ങൾക്കിടയിൽ അവർ കുഴിച്ചുമൂടാൻ ശ്രമിക്കുന്ന യാഥാർത്ഥ്യം വൈകാതെ വീണ്ടും പുറത്തുവരും. അത്ര രൂക്ഷമാവുകയാണ് വന്യജീവികളും മനുഷ്യനും തമ്മിലുള്ള സംഘർഷങ്ങൾ. യഥാർത്ഥ പരിഹാരങ്ങളിലേക്ക് പോകാതെ, ജനവികാരത്തെ തൃപ്തിപ്പെടുത്താൻ നടത്തുന്ന ഇത്തരം ശ്രമങ്ങളെല്ലാം വൈകാതെ പൊളിഞ്ഞുപോവുകയേയുള്ളൂ.

ആദ്യമായൊന്നുമല്ല വയനാട്ടിൽ കടുവ ഇറങ്ങുന്നത്. വന്യമൃഗങ്ങളുടെ നിരന്തര ഭീഷണി നേരിടേണ്ടിവരുന്ന ജനത ആദിവാസികളാണ്. ആളപായവും കൃഷിനാശവുമെല്ലാം അവർക്കാണ് ഏറ്റവും കൂടുതൽ നേരിടേണ്ടിവന്നിട്ടുള്ളത്. എന്നാൽ അവർ ഈ രീതിയിൽ സംഘടിതമായി ബഹളം വച്ചിട്ടില്ല. കാടിനോട് ചേർന്നും കാട്ടിനുള്ളിലും ജീവിക്കുമ്പോൾ നിശ്ചയമായും നേരിടേണ്ടിവരുന്ന അടിസ്ഥാന കാര്യമായാണ് അവർ വന്യജീവികളുമായുള്ള സംഘർഷത്തെ പരിഗണിക്കുന്നത്. ആ സംഘർഷം നേരിടാനുള്ള പല രീതികളും തദ്ദേശീയമായി തന്നെ അവർ വശത്താക്കിയിട്ടുമുണ്ട്. ഈ സാമാന്യ ബോധം പക്ഷെ വയനാട്ടിലെ മുഖ്യധാരാ സമൂഹത്തിന് ഇല്ലാതെ പോയി. അല്ലെങ്കിൽ ആ സമീപനത്തിലേക്കെത്തുന്നതിന് ആരെല്ലാമോ അവർക്ക് തടസ്സമായി നിൽക്കുന്നു.

പരിസ്ഥിതി പുനഃസ്ഥാപനം പ്രഖ്യാപിത ലക്ഷ്യമാക്കി പല സന്നദ്ധ സംഘടനകളും വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നു

> ആദ്യമായൊന്നുമല്ല വയനാട്ടിൽ കടുവ ഇറങ്ങുന്നത്. വന്യമൃഗങ്ങളുടെ നിരന്തര ഭീഷണി നേരിടേണ്ടിവരുന്ന ജനത ആദിവാസികളാണ്. ആളപായവും കൃഷിനാശവുമെല്ലാം അവർക്കാണ് ഏറ്റവും കൂടുതൽ നേരിടേണ്ടിവന്നിട്ടുള്ളത്. എന്നാൽ അവർ ഈ രീതിയിൽ സംഘടിതമായി ബഹളം വച്ചിട്ടില്ല

ണ്ട്. ക്രിസ്ത്യൻ പള്ളിയുടെ നേതൃത്വത്തിലുള്ള സംഘടനകളാണ് അംഗബലം കൊണ്ടും സാമ്പത്തിക ശേഷികൊണ്ടും മുന്നിൽ നിൽക്കുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പോലെയുള്ള ഇത്തരം സംഘടനകൾ വിശ്വാസി സമൂഹത്തെ ഏകോപിപ്പിച്ച് നിർത്താനുള്ള തൊഴിൽദായക കേന്ദ്രങ്ങളായാണ് പ്രവർത്തിക്കുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ തണലിൽ നിൽക്കാൻ ആഗ്രഹിക്കുന്ന, പരിസ്ഥിതിയുടെ പേരിൽ ഫണ്ട് വാങ്ങുന്ന ഇത്തരം സംഘടനകളാണ് കടുവയ്ക്കെതിരെയുള്ള പ്രകടനങ്ങൾക്ക് ആളുകളെ കൂട്ടിയത് എന്ന വൈരുദ്ധ്യവും കടുവാവേട്ടക്കാലത്ത് വയനാട്ടിൽ കാണാൻ കഴിഞ്ഞു.

വയനാട്ടിലെ കുടിയേറ്റക്കാർക്കിടയിലുള്ള അന്യതാബോധവും കടുവയ്ക്കെതിരെയുണ്ടായ വികാരത്തിന് ഒരു പ്രധാന കാരണമായി നിൽക്കുന്നു. തിരുവിതാംകൂറിൽ നിന്നും കുടിയേറിയെത്തിയ അവരുടെ ആഗമനോദ്ദേശം തന്നെ കാട് വെട്ടിതെളിച്ച് കൃഷിയിറക്കുക എന്നതായിരുന്നു. കാടിനോടും കാട്ടുമൃഗങ്ങളോടും മല്ലിട്ടുകൊണ്ടാണ് വയനാട്ടിൽ അവർ ജീവിതമാരംഭിക്കുന്നത്. അവർ പഠിച്ച/സമതലങ്ങളിൽ ശീലിച്ച രീതിയിലുള്ള കൃഷിക്ക് കാടും വന്യമൃഗങ്ങളും ശല്യമായിരുന്നു. നിഷ്കരുണം അവർ കാട് വെട്ടിത്തെളിച്ചതിന് പിന്നിലെ മനോവികാരവും അതായിരുന്നു. അതേ മനോഭാവവുമായാണ് കുടിയേറ്റക്കാരുടെ രണ്ടാം തലമുറ ഇന്നും വയനാട്ടിൽ ജീവിക്കുന്നത്. പണ്ട് ജീവിക്കാൻ വേണ്ടി കാട് വെട്ടിത്തെളിച്ചിരുന്നെങ്കിൽ ഇന്ന് അമിതലാഭമുണ്ടാക്കാനായി കാട് കയ്യേറുന്നു. കാടിനോടുള്ള സമീപനത്തിൽ മാറ്റമില്ലാതെ തുടരുന്നു. ഭൂമിയുമായുള്ള അവർക്കുള്ള ബന്ധം സാമ്പത്തികാശ്രിതത്വമാണ്. ഇത് തങ്ങളുടെ നാടല്ലെന്നും ജീവിതം മെച്ചപ്പെടുത്താനായി എത്തിപ്പെട്ടതാണെന്നുമുള്ള ധാരണ കുടിയേറ്റ സമൂഹത്തിനിടയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. നാട് എവിടെയാണെന്ന് ചോദിച്ചാൽ അമ്പത് വർഷമായി താമസിക്കുന്ന മാനന്തവാടിയെന്നോ പനമരമെന്നോ അല്ല, പാലായെന്നോ കാഞ്ഞിരപ്പള്ളിയെന്നോ ആണ് അവരിൽ പലരും ഇപ്പോഴും പറയുന്നത്. വയനാടിനോട് അവർക്കുള്ള ആ അന്യതാ മനോഭാവമാണ് അവരുടെ പ്രവൃത്തികളിൽ പ്രതിഫലിക്കുന്നത്. ആദിവാസികൾക്കും വയനാട്ടിലെ പരമ്പരാഗത കർഷകർക്കുമുള്ള ജൈവീക ബന്ധം അവർക്ക് കാടിനോട് ഇല്ലാതെ പോകുന്നതും അതുകൊണ്ടാണ്. കാടിനോട് ചേർന്ന് കഴിയേണ്ടി വന്നത് ഗതികേടായി കരുതുന്നതുകൊണ്ടാണ് അവർ വളരെ വേഗം കടുവയ്ക്കെതിരാകുന്നതും കാടിന്റെ വിപണ സാധ്യതകളെക്കുറിച്ച് (ടൂറിസം) മാത്രം ചിന്തിക്കുന്നതും.

കടുവയെ കൊന്നതോടെ ബഹളങ്ങൾ താത്കാലികമായി ഒടുങ്ങിയെങ്കിലും ആനയും കടുവയുമെല്ലാം നാട്ടിലേക്കിറങ്ങുന്ന വാർത്തകൾ വയനാട്ടിൽ നിന്നും വീണ്ടും വന്നുതുടങ്ങിയിരിക്കുന്നു. ജനങ്ങൾ ഇപ്പോഴും അസംതൃപ്തരാണ്. ന്യായമായ പരിഹാരമല്ല സംഭവിച്ചതെന്ന് പലർക്കും ഇപ്പോൾ ബോധ്യമാകുന്നുണ്ട്. എന്നാൽ മറ്റൊരു വശത്ത് കാട്ടിലേക്ക് വികസനം വീണ്ടും കയറിക്കൊണ്ടിരിക്കുകയാണ്. കാട് നാടായി മാറുന്നതോടെ 'നാട്ടിലേക്ക്' വന്യമൃഗങ്ങളിറങ്ങുന്നു എന്ന പരാതി കൂടിവരുന്നു. ആവാസവ്യവസ്ഥ നഷ്ടമായ മൃഗത്തിന് അവരുടെ ഭക്ഷണം മറ്റെവിടെ നിന്നെങ്കിലും കണ്ടെത്തിയേ മതിയാകൂ. അതവരുടെ ജീവിതപ്രശ്നമാണ്. നാട്ടിലിറങ്ങി എന്ന് പെരുമ്പറ മുഴക്കി മനുഷ്യർക്ക് അവരെ വെടിവയ്ക്കാം. പക്ഷെ, അതിർത്തി ലംഘിച്ച് കാട്ടിൽ കയറുന്ന മനുഷ്യരെ വെടിവയ്ക്കാനുള്ള വൈഭവം കടുവയ്ക്കില്ലാതെ പോയല്ലോ. അവരെന്തുചെയ്യും? ■


**നിങ്ങൾ അരണയെ കണ്ടോ?**

വയനാടിന്റെ പരിസ്ഥിതിക്കേൽക്കുന്ന മുറിവുകൾ മനുഷ്യനിലും പ്രകൃതിയിലും എന്തെല്ലാം പ്രതിഫലനങ്ങളാണ് സൃഷ്ടിക്കുന്നതെന്ന ഡോക്യുമെന്ററി.

**സംവിധാനം: സുനന്ദ ഭട്ട്**

മികച്ച ഡോക്യുമെന്ററിക്കുള്ള 2013ലെ ജോൺ എബ്രഹാം പുരസ്കാരത്തിന് അർഹമായ ചിത്രം.

*കോപ്പികൾക്ക്:*
കേരളീയം, കൊക്കാലെ, തൃശൂർ -21
ഫോൺ: 9747062146

കൂടംകുളം സമരത്തെക്കുറിച്ച് പുതിയ ഡോക്യുമെന്ററി

**തിരുടപ്പെട്ട ജനനായകം**

(അപഹരിക്കപ്പെടുന്ന ജനാധിപത്യം)
സമയം: 40 മിനിട്ട്/തമിഴ്-ഇംഗ്ലീഷ്
സംവിധാനം:
യാമിനി പരമേശ്വരൻ, സുരേഷ് നാരായണൻ
*ബന്ധങ്ങൾക്ക്:* 9400323811